നമ്പർ: H3-4289/15.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : ~~30-6-~~17.3.2015.

# വിജ്ഞാപനം

വിഷയം: സാമൂഹ്യനീതി വകുപ്പ്- മികച്ച വനിതാ പ്രവർത്തകർക്കുള്ള "വനിതാരത്നം" പുരസ്കാരം 2015 അപേക്ഷ / നോമിനേഷൻ ക്ഷണിക്കുന്നു.

മികച്ച വ്യക്തിപരമായ നേട്ടങ്ങൾ കൈവരിച്ച വനിതകളെ ആദരിക്കുന്നതിനായി സംസ്ഥാന സർക്കാർ "വനിതാരത്നം" എന്ന പേരിൽ എല്ലാ വർഷവും ഒരു അവാർഡ് നൽകുന്നുണ്ട്. കല-സാഹിത്യം, സാമൂഹ്യസേവന രംഗം, ശാസ്ത്രരംഗം, വിദ്യാഭ്യാസ രംഗം, ആരോഗ്യരംഗം, ഭരണമികവ് എന്നീ മേഖലകളിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്ന വനിതകൾക്കാണ് ടി അവാർഡ് നൽകുന്നത്. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന വനിതകളുടെ പേരിലാണ് ഈ അവാർഡ് നൽകുന്നത്.

1. റാണി ഗൗരി ലക്ഷ്മീഭായ്
2. അക്കമ്മ ചെറിയാൻ
3. ക്യാപ്റ്റൻ ലക്ഷ്മി
4. കമലാസുരയ്യ
5. ജസ്റ്റിസ് ഫാത്തിമാ ബീവി

കല, സാഹിത്യം, സാമൂഹ്യസേവനം, ശാസ്ത്ര രംഗം, വിദ്യാഭ്യാസരംഗം, ആരോഗ്യരംഗം, ഭരണമികവ് എന്നീ മേഖലകളിൽ തനതായ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള വനിതകൾക്കായി ആകെ അഞ്ച് അവാർഡുകളാണ് നൽകുന്നത്. ഓരോ അവാർഡ് ജേതാക്കൾക്കും 3 ലക്ഷം രൂപയും പ്രശസ്തി പത്രവുമാണ് നൽകുന്നത്. ടി മേഖലകളിൽ പ്രവർത്തിക്കുന്ന വനിതകളിൽ, അവാർഡിനായി അപേക്ഷിക്കുവാൻ താൽപര്യമുള്ളവർ അതത് ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ടി അപേക്ഷയോടൊപ്പം തങ്ങളുടെ പ്രവർത്തന മേഖല വിശദീകരിക്കുന്ന രേഖകൾ (പുസ്തകം, സി.ഡികൾ, ഫോട്ടോകൾ, പത്ര കുറിപ്പ്) എന്നിവ ഉൾപ്പെടുത്തേണ്ടതാണ്.



PDF processed with CutePDF evaluation edition www.CutePDF.com

വ്യക്തികൾക്കും, സംഘടനകൾക്കും മേൽസൂചിപ്പിച്ച മേഖലകളിലും സ്തുത്യർഹമായി പ്രവർത്തിക്കുന്ന വതികളെ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അപേക്ഷകളും, നോമിനേഷനുകളും അതത് ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 05.07.2015 ആണ്.

അർഹമായ അപേക്ഷകൾ ലഭിക്കാത്തപക്ഷം ഉചിതമായ വ്യക്തികളെ കമ്മിറ്റി തീരുമാനിക്കുന്നതാണ്. അവാർഡിന് തെരഞ്ഞെടുക്കുന്നതിന് ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. അപേക്ഷക ജീവിച്ചിരിക്കുന്ന ആളാകണം.
2. കഴിഞ്ഞ 5 വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിക്കുന്നവരായിക്കണം.
3. അപേക്ഷകയുടെ പ്രവർത്തനങ്ങൾ (കല-സാഹിത്യം, സാമൂഹ്യസേവനം, ശാസ്ത്രരംഗം, ആരോഗ്യരംഗം-വിദ്യാഭ്യാസ മേഖല, ഭരണമികവ് എന്നിവ) വനിതാ ക്ഷേമത്തിനും, സുരക്ഷയ്ക്കും വനിതകൾക്ക് പ്രയോജനപ്പെടുന്ന രീതിയിലും ആയവർക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.
4. വളരെ ബുദ്ധിമുട്ടുള്ള സാഹചര്യങ്ങളെ അതിജീവിച്ച് നേട്ടങ്ങളാർജിച്ച വനിതകൾക്കും മുൻഗണനയുണ്ടായിരിക്കും.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

"ഭരണഭാഷ-മാതൃഭാഷ"

നമ്പർ: H3-4289/15.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 17-3-2015.

# സർക്കുലർ

വിഷയം: വനിതാരത്നപുരസ്കാരം -2015 അപേക്ഷ ക്ഷണിച്ച് ശുപാർശ സഹിതം അയക്കുന്നത് - സംബന്ധിച്ച്-

സൂചന: --

വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള വനിതകളെ ആദരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള 'വനിതാരത്ന' പുരസ്കാരത്തിന്റെ 2015 വർഷത്തിലേക്കുള്ള അവാർഡിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു. അവാർഡ് സംബന്ധിച്ച വാർത്താക്കുറിപ്പും വിശദവിവരങ്ങളും ഇതൊടൊന്നിച്ച് അയക്കുന്നു. ടി വിവരം വകുപ്പിന്റെ ബ്ലോക്ക്തല കാര്യാലയങ്ങളിൽ അറിയിക്കേണ്ടതും പ്രാദേശിക വാർത്താമാധ്യമങ്ങളിലൂടെ പ്രചാരം നൽകേണ്ടതുമാണ്. 2015 ജൂലൈ 5 വരെ ലഭിക്കുന്ന അപേക്ഷകൾ വ്യക്തമായി പരിശോധിച്ച് അപേക്ഷകളിൻമേൽ വ്യക്തവും വസ്തുനിഷ്ഠവുമായ അന്വേഷണം നടത്തി സ്കീമിലെ മാനദണ്ഡപ്രകാരമുള്ള നോമിനേഷനുകൾ ശുപാർശയും റിപ്പോർട്ടും സഹിതം ജൂലൈ 15ന് ഈ കാര്യാലയത്തിൽ ലഭിക്കുന്ന പ്രകാരം അയച്ചുതരേണ്ടതാണ്. സമയപരിധിയും മാനദണ്ഡങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്. വിശദവിവരം വകുപ്പിന്റെ വെബ് സൈറ്റിലും ലഭ്യമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും.

*DB@15*

## "വനിതാ രത്നം" പുരസ്കാരത്തിന് അപേക്ഷിക്കുന്ന വനിതകൾക്കുള്ള അപേക്ഷ ഫോം

1. പേര് :
2. ജനന തീയതി :
3. ജനന സ്ഥലം :
4. വിദ്യാഭ്യാസ യോഗ്യത :
5. ഫോൺ നം. :
6. സ്ഥിര മേൽവിലാസം :
7. പ്രവർത്തന മേഖല :
8. വ്യക്തിയുടെ ജീവചരിത്രം (വിശദവിവരങ്ങൾ ഉള്ളടക്കം ചെയ്യേണ്ടതാണ്) ഫോട്ടോ, CD, പുസ്തകം, പത്രറിപ്പോർട്ട്,എന്നിവ അഭികാമ്യം) :
9. പുരസ്കാരാർഹമായ സേവനങ്ങൾ :
10. മറ്റ് അവാർഡ് ഏതെങ്കിലും ലഭിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ വിശദവിവരം :

**<u>സത്യവാങ്മൂലം</u>**

മേൽ രേഖപ്പെടുത്തിയ വിവരങ്ങൾ സത്യമാണെന്ന് സാക്ഷ്യപ്പെടുത്തുന്നു.

**അപേക്ഷകയുടെ ഒപ്പ് /**
**നാമനിർദ്ദേശം നൽകുന്ന**
**വ്യക്തിയുടെ പേരും ഒപ്പും**

തീയതി:
സ്ഥലം:

*DB@15*

# വാർത്താകുറിപ്പ്

സാമൂഹ്യക്ഷേമ മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ വ്യക്തിഗത നേട്ടങ്ങളുടെ അംഗീകാരമായി 'വനിതാരത്നം' പുരസ്കാരം എന്ന പേരിലുള്ള 5 അവാർഡുകൾ കേരള സർക്കാർ നൽകിവരുന്നു. തങ്ങളുടെ ത്യാഗത്തിന്റേയും, ധൈര്യത്തിന്റെയും സാമൂഹിക പ്രവർത്തനങ്ങളുടേയും പേരിൽ കേരള ചരിത്രത്തിൽ തനതായ വ്യക്തിമുദ്ര പതിച്ച, റാണി ഗൗരി ലക്ഷ്മീഭായ്, അക്കമ്മ ചെറിയാൻ, ക്യാപ്റ്റൻ ലക്ഷ്മി.എൻ.മേനോൻ, കമല സുരയ്യ, ജസ്റ്റിസ് ഫാത്തിമാ ബീബി എന്നിവരുടെ പേരിലാണ് ഈ അവാർഡുകൾ ഏർപ്പെടുത്തിയിരിക്കുന്നത്. ഈ വിഭാഗങ്ങളിൽ സത്രീകൾ മാത്രമേ അപേക്ഷിക്കുവാൻ പാടുള്ളൂ.

ഉജ്ജ്വലമായ ഭരണ നൈപുണ്യം, കല-സാഹിത്യം, സാമൂഹ്യസേവനം, ശാസ്ത്ര രംഗം, ആരോഗ്യരംഗം-വിദ്യാഭ്യാസ രംഗം എന്നീ മേഖലകളിൽ സ്തുത്യർഹമായ സേവനങ്ങളിലൂടെ വ്യക്തിഗത നേട്ടങ്ങൾ കരസ്ഥമാക്കിയ വനിതകൾ, അവാർഡിന് പരിഗണിക്കുന്നതിനായി തങ്ങളുടെ പ്രവർത്തന മേഖല വിവരിച്ച്, ലഭിച്ചിട്ടുള്ള നേട്ടങ്ങളും മറ്റും രേഖപ്പെടുത്തി, പൂരിപ്പിച്ച അപേക്ഷ 2015 ജൂലൈ 5ന് മുമ്പായി ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കേണ്ട താണ്. വ്യക്തികൾക്കും, സംഘടനകൾക്കും മേൽ സൂചിപ്പിച്ച വിഭാഗത്തിലുള്ള വനിതകളെ അവാർഡിനായി നാമനിർദ്ദേശം ചെയ്യാവുന്നതുമാണ്.

അവാർഡ് തുക 3 ലക്ഷം രൂപയാണ്. ഇത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ സാമൂഹ്യനീതി വകുപ്പിന്റെ website ആയ www.swdkerala.gov.in-ലും ലഭ്യമാണ്.

സാമൂഹ്യനീതി ഡയറക്ടർക്കു വേണ്ടി

DB@15